കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ആഗസ്റ്റ് 2021



## പ്രൈസസ് വിഭാഗം


സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

**(DEPARTMENT OF ECONOMICS AND STATISTICS)**

തിരുവനന്തപുരം

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram


141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളെയും, അന്താരാഷ്ട്ര ഏജൻസികളുടെ റിപ്പോർട്ടുകളെയും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളെയും ആധാരമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

**(ഒപ്പ്)**

തിരുവനന്തപുരം **പി.വി .ബാബു**

**29-09-2021** **ഡയറക്ടർ**

## ആമുഖം

മലയാളിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ആഘോഷമാണ് ഓണം. വിലക്കയറ്റമില്ലാത്ത ഓണാഘോഷം എന്നും മലയാളിയുടെ ആഗ്രഹമാണ്. ഓണക്കാലമായിട്ടും പൊതുവെ വിപണിയിൽ ഗണ്യമായ ഒരു വർദ്ധനവ് ഉണ്ടായില്ല എന്നുള്ളതാണ് അവലോകനമാസത്തിൽ വിപണിയെ സംബന്ധിച്ചിടത്തോളം എടുത്തുപറയേണ്ടുന്ന കാര്യം. അരിയുടെ വിലയിൽ കാര്യമായ മാറ്റങ്ങളില്ലാതെ നിലകൊണ്ടു.പയർ വർഗ്ഗങ്ങളിൽ മസൂർപരിപ്പിന്റെ വിലയിൽ മാത്രമാണ് എടുത്തുപറയത്തക്ക വർദ്ധനവ് ഉണ്ടായത്.കേരളത്തെ സംബന്ധിച്ചിടത്തോളം മസൂർപരിപ്പിന്റെ ഉപഭോഗം താരതമ്യേന കുറവാണ്. പഞ്ചസാരയുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു.പച്ചക്കറികളുടെ വിലയിൽ പൊതുവെ വിലക്കുറവ് അനുഭവപ്പെട്ടു. ഭക്ഷ്യഎണ്ണകളുടെ വിലയിൽ നേരിയ വർദ്ധനവ് തുടർന്നു. പൊതുവെ ഗണ്യമായ വർദ്ധനവ് അവലോകനമാസമായ ആഗസ്തിൽ വിപണിയിൽ പ്രകടമായില്ല.

കേന്ദ്ര കാർഷിക മന്ത്രാലയത്തിൻറെ സെപ്തംബർ 1-ലെ റിപ്പോർട്ട് പ്രകാരം പൊതുവെ പയർ വർഗ്ഗങ്ങളുടെയും,ഭക്ഷ്യ എണ്ണയുടെയും ദേശീയ ശരാശരി വില മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ വർദ്ധനവ് സൂചിപ്പിക്കുന്നു. നെല്ല്, ചെറുപയർ എന്നിവ മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ കുറഞ്ഞ നിരക്കിലും ഗോതമ്പ്, ഉഴുന്ന്, കടല, മസൂർപരിപ്പ്, കടുക്,സൺഫ്ളവർ,കൊപ്ര,നിലക്കടല, എന്നിവ മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ കൂടിയ നിരക്കിലുമാണ് വിപണനം നടന്നത്.

തുടർച്ചയായ രണ്ട് മാസത്തെ കുറവിന് ശേഷം എഫ് എ ഒ-യുടെ ഓഗസ്റ് മാസത്തെ ഫുഡ് പ്രൈസ് ഇൻഡക്സിൽ 3.9 പോയിന്റ് വർദ്ധനവ് രേഖപ്പെടുത്തി. ജൂലൈയിൽ 123.5 പോയിന്റ് ആയിരുന്ന ഇൻഡക്സ് ഓഗസ്റ്റിൽ 127.4 പോയിന്റായി വർദ്ധിച്ചു .പ്രധാനമായും ധാന്യവർഗ്ഗങ്ങൾ,ഭക്ഷ്യ എണ്ണ ,പഞ്ചസാര എന്നിവയുടെ ഇൻഡക്സിലാണ് വർദ്ധനവ് രേഖപ്പെടുത്തിയത്. ധാന്യവർഗ്ഗങ്ങളുടെ ഇന്ഡക്സിൽ 4.3 പോയിന്റിന്റെ വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ ഭക്ഷ്യ എണ്ണകളുടെ ഇൻഡക്സിൽ 10.3 പോയിന്റും,പഞ്ചസാര 10.5 പോയിന്റും വർദ്ധിച്ചു

പ്രധാനമായും പാം ഓയിലിന്റെയും സൺഫ്ളവർ ഓയിലിന്റെയും വിലയിൽ ആഗോളതലത്തിൽ അനുഭവപ്പെട്ട വർദ്ധനവാണ് ഓഗസ്റ്റിലെ ഇൻഡക്സിൽ പ്രതിഫലിച്ചത്. ലോകത്തിലെ ഏറ്റവും വലിയ പഞ്ചസാര ഉത്പാദക രാജ്യമായ ബ്രസീലിൽ കരിമ്പ് കൃഷിയിൽ ഉണ്ടായ കൃഷിനാശമാണ് ആഗോളതലത്തിൽ വില വർദ്ധനവിന് കാരണമായത്. ധാന്യവർഗ്ഗങ്ങളുടെ ഇൻഡക്സിൽ വർദ്ധനവ് രേഖപ്പെടുത്തിയെങ്കിലും അന്തരാഷ്ട്ര തലത്തിൽ അരിയുടെ വിലയിൽ ഓഗസ്റ്റിൽ കുറവ് രേഖപ്പെടുത്തി.

കാർഷികവിളകളുടെ നാലാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് കേന്ദ്ര കാർഷിക മന്ത്രാലയം പ്രസിദ്ധീകരിച്ചു .ഇത് പ്രകാരം മൊത്തം ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ റെക്കോർഡ് ഉത്പാദനം പ്രതീക്ഷിക്കുന്നു.2019-20 വർഷം 297.50 മില്യൺ ടണ്ണായിരുന്ന ഉത്പാദനം 2020-21 വർഷം 308.65 ടൺ ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.ഇത് 2020-21 വർഷത്തേക്ക് ടാർജറ്റ് ചെയ്ത ഉത്പാദനത്തേക്കാൾ കൂടുതലാണ് .നെല്ല്,ഗോതമ്പ്,പയർ വർഗ്ഗങ്ങൾ ,ഭക്ഷ്യഎണ്ണക്കുരുക്കൾ എന്നിവയുടെ ഉത്പാദനത്തിൽ റെക്കോർഡ് ഉത്പാദനമാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്..നെല്ലുത്പാദനം 2020-21 സീസണിൽ 122.27

മില്യൺ ടൺ എന്ന റെക്കോർഡ് ഉത്പാദനമാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്.ഇത് കഴിഞ്ഞ സീസണിനേക്കാൾ 3.4 മില്യൺ ടണ്ണിന്റെ വർദ്ധനവ് കാണിക്കുന്നു.ഗോതമ്പിന്റെ ഉത്പാദനത്തിൽ കഴിഞ്ഞ സീസണിനെക്കാൾ 1.66 മില്ല്യൺ ടണ്ണിന്റെ വർദ്ധനവ് കാണിക്കുന്നു. പയർ വർഗ്ഗങ്ങളിൽ തുവര 0.39 മില്യൺ ടൺ ,കടല 0.91 മില്യൺ ടൺ ,ചറുപയർ 0.58 മില്യൺ ടൺ,ഉഴുന്ന് 0.26 മില്യൺ ടൺ വർദ്ധനവ് കാണിക്കുന്നു.

02-09-2021 ലെ കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് ഖാരിഫ് സീസണിലെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിലെ അപേക്ഷിച്ച് 12.51 ലക്ഷം ഹെക്ടറിന്റെ കുറവ് കാണിക്കുന്നു. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലെ അപേക്ഷിച്ച് നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ 0.61 ലക്ഷം ഹെക്ടർ വർദ്ധനവുണ്ടായി.പയർ വർഗ്ഗങ്ങളിൽ തുവര 2.04 ലക്ഷം ഹെക്ടറും,ഉഴുന്ന് 0.09 ലക്ഷം ഹെക്ടറും വർദ്ധനവുണ്ടായപ്പോൾ ചെറുപയറിന്റെ കാർഷിക വിസ്തൃതിയിൽ 0.70 ലക്ഷം ഹെക്ടർ കുറവ് കാണിക്കുന്നു.മൊത്തം പയർ വർഗ്ഗങ്ങളുടെ കാർഷിക വിസ്തൃതിയിൽ 1.59 ലക്ഷം ഹെക്ടർ വർദ്ധനവ് കാണിക്കുന്നു.അതെ സമയം മൊത്തം ഭക്ഷ്യഎണ്ണ വിളകളുടെ കാർഷിക വിസ്തൃതിയിൽ 3.20 ലക്ഷം ഹെക്ടർ കുറവ് സൂചിപ്പിക്കുന്നു.

ജൂൺ 1 മുതൽ ആരംഭിച്ച തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്ത് സപ്തംബർ 1 വരെയുള്ള കണക്കനുസരിച്ച് ഇന്ത്യയിൽ ദീർഘകാല ശരാശരിയേക്കാൾ 9 ശതമാനം മഴക്കുറവ് അനുഭവപ്പെട്ടതായി കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ കണക്ക് സൂചിപ്പിക്കുന്നു. ഇതിൽ തെക്കേ ഇന്ത്യയിൽ 8 ശതമാനം അധിക മഴ ലഭിച്ചപ്പോൾ മദ്ധ്യേന്ത്യയിൽ 14 ശതമാനവും വടക്ക് പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ മൊത്തം 13 ശതമാനവും,വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ മൊത്തം 8 ശതമാനവും മഴക്കുറവ് ഈ കാലയളവിൽ അനുഭവപ്പെട്ടു.കേരളത്തിൽ ഈ കാലയളവിൽ 21 ശതമാനം മഴക്കുറവ് അനുഭവപ്പെട്ടു.കോട്ടയം,പത്തനംതിട്ട ജില്ലകളിൽ മാത്രമാണ് സാധാരണ ഈ കാലയളവിൽ ലഭിക്കേണ്ടുന്നതിലും അധിക മഴ ലഭിച്ചത്. എറണാകുളം, കോഴിക്കോട്, കോട്ടയം, പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിൽ മഴക്കുറവ് അനുഭവപ്പെട്ടു.ഏറ്റവും കൂടുതൽ മഴക്കുറവ് അനുഭവപ്പെട്ടത് വയനാട് ജില്ലയിലാണ് -33 ശതമാനം.

തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലം അവസാനിക്കാൻ ഏതാണ്ട് ഒരു മാസം മാത്രം അവശേഷിക്കെ ഗണ്യമായ ഒരു മഴക്കുറവ് ഉണ്ടാവുമോ എന്നുള്ള ആശങ്ക നിലനിൽക്കുകയാണ്.

2021-22 സീസണിലെ നെല്ല് സംഭരണം മികച്ച രീതിയിൽ പുരോഗമിക്കുകയാണെന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.3-09-2021 ലെ എഫ് സി ഐ യുടെ റിപ്പോർട്ടുകൾ പ്രകാരം മൊത്തം 597.58 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട്.ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 85.53 ലക്ഷം ടൺ കൂടുതലാണ്.ഏറ്റവും കൂടുതൽ അരി സംഭരിച്ചത് പഞ്ചാബിൽ നിന്നാണ് 135.89 ലക്ഷം ടൺ, തെലുങ്കാനയിൽനിന്നും 94.56 ലക്ഷം ടൺ, ആന്ധ്രാപ്രദേശിൽ നിന്ന് 55.56 ലക്ഷം ടൺ, ഒഡിഷ 52.62 ലക്ഷം ടൺ, ഛത്തിസ്ഗർ 46.73 ലക്ഷം ടൺ, ഉത്തർപ്രദേശ് 44.78 ലക്ഷം ടൺ, എന്നിവയാണ് മറ്റ് പ്രധാന സംഭാവന നൽകിയ സംസ്ഥാനങ്ങൾ കേരളത്തിൽ നിന്നും ഈ കാലയളവിൽ 5.20 ലക്ഷം ടൺ അരി സംഭരിച്ചു .ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 0.45 ലക്ഷം ടൺ കൂടുതലാണ്.


## I. ധാന്യങ്ങൾ

കഴിഞ്ഞ മാസങ്ങളിലേതുപോലെതന്നെ അവലോകനമാസത്തിലും അരിയുടെ വില കാര്യമായ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ കടന്നുപോയി.അരിയുടെ ഉത്പാദനത്തിലും സംഭരണത്തിലും ഉണ്ടായ വർദ്ധനവും കേരളത്തിൽ സർക്കാർ സംവിധാനങ്ങൾ വഴി ലഭ്യമാക്കിയ അരിയുടെ ലഭ്യതയും വിലക്കുറവിനു കാരണമായി.

അരിയുടെ ദേശീയ ശരാശരി വില പരിശോധിക്കുമ്പോൾ ഫെബ്രുവരി 2021 നു ശേഷം തുടർച്ചയായ കുറവ് അനുഭവപ്പെടുന്നുണ്ട്.ജൂലൈ മാസം 35.58 ആയിരുന്ന ദേശീയ ശരാശരി ആഗസ്റ്റ് മാസത്തിൽ 35.39 രൂപയായി കുറഞ്ഞു. ആഗോളതലത്തിൽ അരിയുടെ വിലയിൽ ആഗസ്റ്റ് മാസത്തിൽ കുറവ് അനുഭവപ്പെട്ടതായാണ് എഫ് എ ഒ -യുടെ റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

കേരളത്തിൽ നിലവിലുള്ള സാഹചര്യത്തിൽ അരിയുടെ വിലയിൽ വരും മാസങ്ങളിലും ഗണ്യമായ വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണ് ലഭിക്കുന്ന സൂചന.കഴിഞ്ഞ വർഷം ഇതേ കാലയളവിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഏതാണ്ട് ഒന്ന് മുതൽ അഞ്ച് ശതമാനം വരെ വിലക്കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 38.34 | 36.84 | 36.80 | -0.11 | -4.02 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 40.00 | 40.00 | 0.00 | 0.00 |
| 3 | റോസ് | കിലോഗ്രാം | 41.25 | 39.38 | 39.08 | -0.76 | -5.26 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.85 | 36.06 | 36.19 | 0.36 | -1.79 |
| 5 | ജയ | കിലോഗ്രാം | 37.85 | 37.40 | 37.46 | 0.16 | -1.03 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.29 | 35.35 | 35.77 | 1.19 | 1.36 |




## II.പയർ വർഗ്ഗങ്ങൾ

അവലോകനമാസത്തിൽ പയർ വർഗ്ഗങ്ങളുടെ വിലയിൽ പൊതുവെ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.പ്രധാനമായും മസൂർപരിപ്പിന്റെ വിലയിലാണ് ഈ കാലയളവിൽ വർദ്ധനവ് അനുഭവപ്പെട്ടത്. ചെറുപയറിന്റെയും തുവരപ്പരിപ്പിന്റെയും വിലയിൽ വിലക്കുറവിനുള്ള പ്രവണത പ്രകടമായിരുന്നു. ഉഴുന്നിന്റെ വിലയിൽ കാര്യമായ മാറ്റമില്ലാതെ നിലകൊണ്ടു.കടലയുടെ വിലയിൽമാസാവസാനം വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു സെപ്റ്റംബർ മാസത്തിലും മസൂർപരിപ്പ് ഒഴികെയുള്ള പയർ വർഗ്ഗങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവിനുള്ള സാധ്യത ഇല്ല എന്നാണ് വിപണികളിൽ നിന്നും ലഭിക്കുന്ന സൂചന. മസൂർ പരിപ്പിന്റെ വിലയിൽ സപ്റ്റംബർ മാസത്തിലും നേരിയ വർദ്ധനവ് തുടരാനാണ് സാധ്യത എന്നാണ് ലഭിക്കുന്ന സൂചന.

പയർ വർഗ്ഗങ്ങളുടെ വിലയിൽ കുറവ് അനുഭവപ്പെട്ടതിനെത്തുടർന്ന്, കേന്ദ്ര സർക്കാർ സ്റ്റോക്ക് ലിമിറ്റിൽ ഇളവുകൾ പ്രഖ്യാപിച്ചു ഇറക്കുമതിക്കാർക്ക് സ്റ്റോക്ക് ലിമിറ്റ് ഒഴിവാക്കുകയും മൊത്തവിപണനക്കാരുടെ സ്റ്റോക്ക്ലിമിറ്റ് 500 മെട്രിക്ക് ടണ്ണായി വർദ്ധിപ്പിക്കുകയും ചെയ്തു. ഒക്ടോബർ 31 വരെയാണ് ഈ ഇളവുകൾ.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ നാലാം അഡ്വാൻസ് എസ്റ്റിമേറ്റിൽ പയർ വർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ വർദ്ധനവ് സൂചിപ്പിക്കുന്നു.തുവര 4.28 മില്യൺ ടൺ ,കടല 11.99 മില്യൺ ടൺ ,ചെറുപയർ 3.09 മില്യൺ ടൺ ,ഉഴുന്ന് 2.39 മില്യൺ ടൺ എന്നിങ്ങനെയാണ് 2020-21 സീസണിലെ പ്രതീക്ഷിത ഉത്പാദനം..

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 116.16 | 113.99 | 111.98 | -1.76 | -3.60 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 121.43 | 120.86 | 120.02 | -0.70 | -1.16 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 118.58 | 121.44 | 119.98 | -1.20 | 1.18 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 112.52 | 119.74 | 118.80 | -0.79 | 5.58 |
| 5 | വൻപയർ | കിലോഗ്രാം | 77.05 | 82.87 | 83.25 | 0.46 | 8.05 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 100.14 | 114.57 | 114.38 | -0.17 | 14.22 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.61 | 82.60 | 82.61 | 0.01 | 5.09 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 71.06 | 74.30 | 74.20 | -0.13 | 4.42 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 76.27 | 82.40 | 82.16 | -0.29 | 7.72 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 85.08 | 93.34 | 95.37 | 2.17 | 12.09 |




## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസത്തിൽ പഞ്ചസാരയുടെ വിലയിലാണ് പ്രധാനമായും വർദ്ധനവ് ദൃശ്യമായത് . കേന്ദ്ര സർക്കാർ കരിമ്പിന് ന്യായവിലയിൽ 5 രൂപ വർദ്ധനവ് പ്രഖ്യാപിച്ചു. 2021-22 മാർക്കറ്റിങ് സീസണിലാണ് (ഒക്ടോബർ - സപ്തംബർ) വില വർദ്ധനവ് നിലവിൽ വരുന്നത്. ക്വിന്റലിന് 290 രൂപയാണ് ന്യായവില. .ഇത് വരും മാസം പഞ്ചസാരയുടെ വിലയിൽ നേരിയ വർദ്ധനവിലേക്ക് നയിച്ചേക്കാം ആഗോളതലത്തിൽ പഞ്ചസാരയുടെ വിലയിൽ ആഗസ്റ്റ് മാസത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.ബ്രസീലിൽ ഉണ്ടായ വിള നാശമാണ് വർദ്ധനവിന് കാരണമായത്.

ഇറച്ചിക്കോഴിയുടെയും കോഴിമുട്ടയുടെയും വിലയിൽ നേരിയ കുറവുണ്ടായിട്ടുണ്ട്.എന്നാൽ മാസാവസാനം നേരിയ വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്ന സപ്തംബർ മാസത്തിലും വിലയിൽ നേരിയ വർദ്ധനവ് തുടരാനാണ് സാധ്യത എന്നാണ് വിപണികളിൽ നിന്ന് ലഭിക്കുന്ന സൂചന.

തേയിലയുടെ വിലയിൽ ജൂലൈമാസം മുതൽ അനുഭവപ്പെട്ട കുറവ് ആഗസ്റ്റ് മാസത്തിലും തുടരുകയാണ് സപ്തംബർ മാസത്തിലും കാര്യമായ മാറ്റമില്ലാതെ തുടരുമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.38 | 37.90 | 38.78 | 2.32 | -1.52 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 169.31 | 172.65 | 171.17 | -0.86 | 1.10 |
| 3 | ശർക്കര | കിലോഗ്രാം | 59.64 | 55.39 | 54.71 | -1.23 | -8.27 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.34 | 66.14 | 60.39 | -8.69 | 11.13 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 640.71 | 679.07 | 681.07 | 0.29 | 6.30 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 101.48 | 134.52 | 126.38 | -6.05 | 24.54 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.14 | 156.31 | 155.79 | -0.33 | 5.88 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 163.42 | 161.03 | 159.05 | -1.23 | -2.67 |




## IV. എണ്ണയും എണ്ണക്കുരുക്കളും

ജൂൺ,ജൂലൈ മാസങ്ങളിൽ ഉണ്ടായ നേരിയ കുറവിന് ശേഷം ഭക്ഷ്യഎണ്ണകളുടെ വിലയിൽ അവലോകനമാസത്തിൽ നേരിയ വർദ്ധനവ് ദൃശ്യമായി. രണ്ട് മാസത്തെ കുറവിന് ശേഷം ഭക്ഷ്യഎണ്ണകളുടെ ഇൻഡക്സിൽ വർദ്ധനവ് പ്രകടമാക്കിക്കൊണ്ടാണ് ആഗസ്റ്റ് മാസത്തെ ഫുഡ് പ്രൈസ് ഇൻഡക്സ് ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ (എഫ് എ ഒ )പ്രസിദ്ധീകരിച്ചത്. പ്രധനമായും അന്തരാഷ്ട്രമാർക്കറ്റിൽ പാം ഓയിലിന്റെയും സൺഫ്ളവർ ഓയിലിന്റെയും വിലയിലുണ്ടായ വർദ്ധനവാണ് അഗസ്റ്റിലെ ഇൻഡക്സിന്റെ വർദ്ധനവിലേക്ക് നയിച്ചതെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

ഭക്ഷ്യഎണ്ണകളുടെ വിലയിൽ ആഗോളതലത്തിൽ അനുഭവപ്പെട്ട വിലക്കയറ്റം ഇന്ത്യൻ വിപണിയിലും പ്രകടമായിരുന്നു.എങ്കിലും മാസാവസാനം പാം ഓയിലിന്റെയും,സൺഫ്ളവർ ഓയിലിന്റെയും വിലയിൽ കുറയുവാനുള്ള പ്രവണത പ്രകടമായിരുന്നു.സപ്തംബറിൽ നേരിയ കുറവിന് സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.ഡിസംബർ മാസത്തോടെ ഭക്ഷ്യഎണ്ണകളുടെ വിലയിൽ ഗണ്യമായ കുറവുണ്ടാവുമെന്നാണ് വിപണിയിൽ നിന്നുള്ള പ്രതീക്ഷ .

വെളിച്ചെണ്ണയുടെ വില നേരിയ കുറവോടെ നിലനിന്നു.മാസാവസാനം കുറയുവാനുള്ള പ്രവണത പ്രകടമായിരുന്നു.അതേസമയം തേങ്ങയുടെ വിലയിൽ നേരിയ വർദ്ധനവുണ്ടായി.സപ്തംബർ മാസത്തിൽ നേരിയ ഏറ്റക്കുറച്ചിലുകളോടെ വിപണനം നടക്കുമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 189.48 | 205.84 | 204.52 | -0.64 | 7.94 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 153.00 | 188.40 | 183.40 | -2.65 | 19.87 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 109.54 | 162.58 | 162.10 | -0.30 | 47.98 |
| 4 | നല്ലെണ്ണ | ലിററർ | 199.41 | 217.06 | 219.14 | 0.96 | 9.89 |
| 5 | കടുക് എണ്ണ | ലിററർ | 142.50 | 183.50 | 188.75 | 2.86 | 32.46 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 108.54 | 147.13 | 150.70 | 2.43 | 38.84 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 109.63 | 160.56 | 162.00 | 0.90 | 47.77 |
| 8 | പാം ഓയിൽ | ലിററർ | 91.45 | 128.76 | 137.00 | 6.40 | 49.81 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 190.41 | 192.49 | 195.36 | 1.49 | 2.60 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

ഉള്ളിയുടെ വിലയിൽ കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായി.സപ്തംബർ മാസത്തിലും ഏതാണ്ട് ഇതേ നില തുടരാൻ ഇടയുണ്ടെന്നാണ് സൂചന .ഒക്ടോബർ മാസത്തോടെ ഉള്ളിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

മുളകിന്റെ വിലയിൽ കുറവുണ്ടായിട്ടുണ്ട്. ആന്ധ്രാപ്രദേശ്,തെലുങ്കാന,കർണാടക സംസ്ഥങ്ങളിൽ കൂടുതൽ സ്റ്റോക്ക് വിപണിയിൽ എത്തിയതാണ് വിലയിൽ കുറവുണ്ടാവാൻ കാരണമായത്.നിലവിൽ . കഴിഞ്ഞ വർഷത്തെ ഉയർന്ന വില കാരണം ഈ സീസണിൽ മുളകിന്റെ ഉത്പാദനം വർദ്ധിക്കാൻ ഇടയുണ്ടെന്നാണ് ആന്ധ്രാപ്രദേശ്,തെലുങ്കാന സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന സൂചനകൾ ആന്ധ്രാപ്രദേശിലെ ഗുണ്ടൂർ,തെലുങ്കാനയിലെ വാറങ്കൽ ജില്ലകളിൽ ജൂലൈ മാസത്തെ അപേക്ഷിച്ച് മുളകിന്റെ വരവിൽ 10.8 ശതമാനത്തിന്റെ വർദ്ധനവ് കാണിക്കുന്നു .

കുരുമുളകിന്റെ വില കാര്യമായ മാറ്റമില്ലാതെ തുടരുകയാണ്.സെപ്റ്റംബർ മാസത്തിലും ഏതാണ്ട് ഇതേ നില തുടരുമെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.


| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 98.05 | 100.30 | 100.55 | 0.25 | 2.55 |
| 2 | മുളക് | കിലോഗ്രാം | 162.52 | 167.57 | 165.55 | -1.21 | 1.86 |
| 3 | ഉള്ളി | കിലോഗ്രാം | 54.68 | 69.50 | 50.27 | -27.67 | -8.07 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 159.38 | 156.57 | 156.20 | -0.24 | -2.00 |
| 5 | ജീരകം | 100 ഗ്രാം | 29.96 | 28.93 | 28.82 | -0.38 | -3.81 |
| 6 | കടുക് | 100 ഗ്രാം | 9.84 | 10.70 | 10.83 | 1.21 | 10.06 |
| 7 | ഉലുവ | 100 ഗ്രാം | 10.18 | 10.94 | 11.14 | 1.83 | 9.43 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.61 | 18.86 | 19.00 | 0.74 | 2.10 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 15.30 | 13.94 | 13.70 | -1.72 | -10.46 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 371.79 | 444.77 | 448.33 | 0.80 | 20.59 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങ് വർഗ്ഗങ്ങളുടെ വിലയിൽ അവലോകനമാസത്തിൽ പൊതുവെ നേരിയ വർദ്ധനവ് അനുഭവപ്പെട്ടു.അതെ സമയം കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ബീറ്റ്റൂട്ട് ,കാരറ്റ് എന്നിവ ഒഴികെയുള്ള ഇനങ്ങളുടെ വിലയിൽ ഗണ്യമായ കുറവ് ദൃശ്യമാണ്. ചേന 4.34 ശതമാനം ,മരച്ചീനി 13.12 ശതമാനം ,ഉരുളകിഴങ്ങ് 31.90 ശതമാനം,ചേമ്പ്-20.83 ശതമാനം എന്നിങ്ങനെയാണ് കുറവുണ്ടായത് അതേസമയം ബീട്ടൂട്ടിന്റെ വിലയിൽ 16.91 ശതമാനവും കാരറ്റിന്റെ വിലയിൽ 14.23 ശതമാനവും വർദ്ധനവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **35.73** | **33.43** | **34.18** | **2.24** | **-4.34** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **23.47** | **20.17** | **20.39** | **1.09** | **-13.12** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **43.61** | **29.40** | **29.70** | **1.02** | **-31.90** |
| 4 | ചേമ്പ് | കിലോഗ്രാം | **61.69** | **45.57** | **48.84** | **7.18** | **-20.83** |
| 5 | ബീററൂട്ട് | കിലോഗ്രാം | **36.61** | **43.29** | **42.80** | **-1.13** | **16.91** |
| 6 | കാരററ് | കിലോഗ്രാം | **59.42** | **64.00** | **68.23** | **6.61** | **14.83** |




## VII.പച്ചക്കറി ഇനങ്ങൾ

പച്ചക്കറി വർഗ്ഗങ്ങളുടെ വിലയിൽ എടുത്തു പറയത്തക്ക വർദ്ധനവ് ഉണ്ടായിട്ടില്ല എന്നുള്ളതാണ് അവലോകന മാസത്തെ വില പരിശോധിക്കുമ്പോൾ ദൃശ്യമാവുന്നത്.സാധാരണ ഗതിയിൽ ഓണക്കാലത്ത് പച്ചക്കറികളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ദൃശ്യമാവാറുണ്ട്.എങ്കിലും ഈ ഓണക്കാലത്ത് കാര്യമായ വർദ്ധനവ് ദൃശ്യമായില്ല. കോവിഡ് നിയന്ത്രണങ്ങളെത്തുടർന്ന് ഹോട്ടലുകളും റസ്റോറന്റുകളും സാധാരണ നിലയിൽ പ്രവർത്തിക്കാത്തതും ഉത്സവങ്ങളും ആഘോഷങ്ങളും കുറഞ്ഞതും വില വർദ്ധനവ് ഇല്ലാത്തതിന് കാരണമായി വിപണി വൃത്തങ്ങൾ സൂചിപ്പിക്കുന്നു.

പ്രധാനപ്പെട്ട പച്ചക്കറി ഇനങ്ങളിൽ എല്ലാം ഈ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.സാധാരണ വർഷങ്ങളിൽ ആഗസ്റ്റോടെ ഉള്ളിയുടെയും സവാളയുടെയും വിലയിൽ വർദ്ധനവ് അനുഭവപ്പെടാറുണ്ട്.എന്നാൽ നിലവിൽ കാര്യമായ വർദ്ധനവിനുള്ള പ്രവണത വിപണിയിൽ ദൃശ്യമല്ല. ഒക്ടോബർ അവസാനത്തോടെ സവാളയുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ഏത്തയ്ക്കയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 22.48 | 30.16 | 29.80 | -1.19 | 32.56 |
| 2 | വഴുതന | കിലോഗ്രാം | 33.84 | 34.23 | 36.66 | 7.10 | 8.33 |
| 3 | മത്തങ്ങ | കിലോഗ്രാം | 25.54 | 28.39 | 26.09 | -8.10 | 2.15 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 28.21 | 25.93 | 22.64 | -12.69 | -19.74 |
| 5 | വെണ്ടക്ക | കിലോഗ്രാം | 42.63 | 41.93 | 33.63 | -19.79 | -21.11 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 60.09 | 61.01 | 45.64 | -25.19 | -24.05 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 56.80 | 57.82 | 45.68 | -21.00 | -19.58 |
| 8 | കാബേജ് | കിലോഗ്രാം | 30.51 | 28.70 | 28.77 | 0.24 | -5.70 |
| 9 | പാവയ്ക്ക | കിലോഗ്രാം | 50.20 | 56.39 | 50.71 | -10.07 | 1.02 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 27.11 | 24.93 | 25.66 | 2.93 | -5.35 |
| 11 | പടവലങ്ങ | കിലോഗ്രാം | 35.23 | 36.47 | 38.20 | 4.74 | 8.43 |
| 12 | തക്കാളി | കിലോഗ്രാം | 35.99 | 24.16 | 24.50 | 1.41 | -31.93 |
| 13 | പച്ചമുളക് | 100 ഗ്രാം | 6.02 | 6.01 | 5.61 | -6.66 | -6.81 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 44.93 | 42.46 | 45.82 | 7.91 | 1.98 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 31.57 | 30.99 | 31.05 | 0.19 | -1.65 |




## VIII. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളും വിലയിൽ പൊതുവെ വില വർദ്ധനവ് അനുഭവപ്പെട്ടു. മുന്തിരി, തണ്ണിമത്തൻ, മാങ്ങ, വാഴപ്പഴങ്ങൾ ,ഏത്തയ്ക്ക എന്നിവയുടെ വിലയിൽ ഗണ്യമായ വർദ്ധനവ് അനുഭവപ്പെട്ടു.മാങ്ങയുടെ സീസൺ അവസാനിച്ചതോടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായി.

ആപ്പിളിന്റെ വിലയിൽ നേരിയ വർദ്ധനവുണ്ടായെങ്കിലും മാസാവസാനം വിലക്കുറവിനുള്ള പ്രവണത പ്രകടമായിരുന്നു.ആപ്പിളിന്റെ ആഭ്യന്തര സീസൺ ആരംഭിച്ചതോടെ ഗണ്യമായ വിലക്കുറവ് വരും മാസങ്ങളിൽ അനുഭവപ്പെടാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്ന് ലഭിക്കുന്ന സൂചന. ഹിമാചൽപ്രദേശ്,ജമ്മുകശ്മീർ സംസ്ഥാനങ്ങളിൽ ആപ്പിളിന്റെ സീസൺ ആരംഭിച്ചിട്ടുണ്ട്. മാതളത്തിന്റെ വിലയിൽ നേരിയ കുറവുണ്ടായിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **98.54** | **122.70** | **103.30** | **-15.81** | **4.83** |
| 2 | മുസമ്പി | കിലോഗ്രാം | **60.77** | **72.28** | **57.69** | **-20.19** | **-5.07** |
| 3 | മാതളം | കിലോഗ്രാം | **103.85** | **126.75** | **125.94** | **-0.64** | **21.27** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **145.32** | **143.33** | **145.91** | **1.80** | **0.41** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **53.30** | **50.42** | **52.03** | **3.19** | **-2.38** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **29.80** | **30.29** | **33.54** | **10.73** | **12.55** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **59.46** | **47.90** | **51.54** | **7.60** | **-13.32** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **51.33** | **46.07** | **47.40** | **2.89** | **-7.66** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **28.65** | **26.94** | **29.48** | **9.43** | **2.90** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **101.55** | **55.36** | **76.07** | **37.41** | **-25.09** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **18.38** | **29.47** | **32.86** | **11.50** | **78.78** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **80.71** | **95.27** | **125.69** | **31.93** | **55.73** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **69.50** | **83.10** | **96.75** | **16.43** | **39.21** |




## IX. ഭക്ഷ്യേതര വസ്തുക്കൾ

കഴിഞ്ഞ ഏതാനും മാസങ്ങളായി ആശങ്കപ്പെടുത്തുന്ന വിധത്തിൽ വർദ്ധിച്ചുകൊണ്ടിരുന്ന സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ അവലോകനമാസത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ട്.പല ജില്ലകളിലും ഏതാണ്ട് 500 രൂപ വരെ എത്തിയിരുന്ന സിമന്റിന്റെ വില നിലവിൽ 450-460 രൂപ റേഞ്ചിൽ നിൽക്കുകയാണ് .സപ്തംബറിലും നേരിയ വിലക്കുറവോടെ തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചനകൾ .

സ്റ്റീലിന്റെ വിലയിലും നേരിയ കുറവുണ്ടായിട്ടുണ്ട്.സപ്തംബറിലും നേരിയ വിലക്കുറവോടെ തുടരുമെന്നാണ് ലഭിക്കുന്ന സൂചനകൾ . സ്റ്റീലിന്റെ വിലയിലും കുറവുണ്ടായിട്ടുണ്ട്..സ്റ്റീൽ അതോറിറ്റിയുടെ റിപ്പോർട്ട് അനുസരിച്ച് ഇരുമ്പ് ആയിരിന്റെ വിലയിൽ മെയ് 2021 ന ശേഷം തുടർച്ചയായി നേരിയ തോതിലുള്ള കുറവുണ്ടായിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.14** | **21.29** | **21.29** | **0.00** | **5.71** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **25.57** | **26.60** | **27.10** | **1.88** | **5.98** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **490.00** | **501.00** | **509.17** | **1.63** | **3.91** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **431.35** | **471.13** | **458.38** | **-2.71** | **6.27** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **427.26** | **464.86** | **453.14** | **-2.52** | **6.06** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **50.42** | **67.15** | **65.65** | **-2.23** | **30.21** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 38.34 | 36.84 | 36.80 | -0.11 | -4.02 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 40.00 | 40.00 | 0.00 | 0.00 |
| 3 | റോസ് | കിലോഗ്രാം | 41.25 | 39.38 | 39.08 | -0.76 | -5.26 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.85 | 36.06 | 36.19 | 0.36 | -1.79 |
| 5 | ജയ | കിലോഗ്രാം | 37.85 | 37.40 | 37.46 | 0.16 | -1.03 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.29 | 35.35 | 35.77 | 1.19 | 1.36 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 116.16 | 113.99 | 111.98 | -1.76 | -3.60 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 121.43 | 120.86 | 120.02 | -0.70 | -1.16 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 118.58 | 121.44 | 119.98 | -1.20 | 1.18 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 112.52 | 119.74 | 118.80 | -0.79 | 5.58 |
| 5 | വൻപയർ | കിലോഗ്രാം | 77.05 | 82.87 | 83.25 | 0.46 | 8.05 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 100.14 | 114.57 | 114.38 | -0.17 | 14.22 |
| 7 | കടല(വലുത്) | കിലോഗ്രാം | 78.61 | 82.60 | 82.61 | 0.01 | 5.09 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 71.06 | 74.30 | 74.20 | -0.13 | 4.42 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 76.27 | 82.40 | 82.16 | -0.29 | 7.72 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 85.08 | 93.34 | 95.37 | 2.17 | 12.09 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 39.38 | 37.90 | 38.78 | 2.32 | -1.52 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 169.31 | 172.65 | 171.17 | -0.86 | 1.10 |
| 3 | ശർക്കര | കിലോഗ്രാം | 59.64 | 55.39 | 54.71 | -1.23 | -8.27 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.34 | 66.14 | 60.39 | -8.69 | 11.13 |
| 5 | ആട്ടിറച്ചി(എല്ലോടുകൂടിയത്) | കിലോഗ്രാം | 640.71 | 679.07 | 681.07 | 0.29 | 6.30 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 101.48 | 134.52 | 126.38 | -6.05 | 24.54 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.14 | 156.31 | 155.79 | -0.33 | 5.88 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 163.42 | 161.03 | 159.05 | -1.23 | -2.67 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 189.48 | 205.84 | 204.52 | -0.64 | 7.94 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 153.00 | 188.40 | 183.40 | -2.65 | 19.87 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 109.54 | 162.58 | 162.10 | -0.30 | 47.98 |
| 4 | നല്ലെണ്ണ | ലിററർ | 199.41 | 217.06 | 219.14 | 0.96 | 9.89 |
| 5 | കടുക് എണ്ണ | ലിററർ | 142.50 | 183.50 | 188.75 | 2.86 | 32.46 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 108.54 | 147.13 | 150.70 | 2.43 | 38.84 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 109.63 | 160.56 | 162.00 | 0.90 | 47.77 |
| 8 | പാം ഓയിൽ | ലിററർ | 91.45 | 128.76 | 137.00 | 6.40 | 49.81 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 190.41 | 192.49 | 195.36 | 1.49 | 2.60 |

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **98.05** | **100.30** | **100.55** | **0.25** | **2.55** |
| 2 | മുളക് | കിലോഗ്രാം | **162.52** | **167.57** | **165.55** | **-1.21** | **1.86** |
| 3 | ഉള്ളി | കിലോഗ്രാം | **54.68** | **69.50** | **50.27** | **-27.67** | **-8.07** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **159.38** | **156.57** | **156.20** | **-0.24** | **-2.00** |
| 5 | ജീരകം | 100 ഗ്രാം | **29.96** | **28.93** | **28.82** | **-0.38** | **-3.81** |
| 6 | കടുക് | 100 ഗ്രാം | **9.84** | **10.70** | **10.83** | **1.21** | **10.06** |
| 7 | ഉലുവ | 100 ഗ്രാം | **10.18** | **10.94** | **11.14** | **1.83** | **9.43** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.61** | **18.86** | **19.00** | **0.74** | **2.10** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **15.30** | **13.94** | **13.70** | **-1.72** | **-10.46** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **371.79** | **444.77** | **448.33** | **0.80** | **20.59** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **35.73** | **33.43** | **34.18** | **2.24** | **-4.34** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **23.47** | **20.17** | **20.39** | **1.09** | **-13.12** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **43.61** | **29.40** | **29.70** | **1.02** | **-31.90** |
| 4 | ചേമ്പ് | കിലോഗ്രാം | **61.69** | **45.57** | **48.84** | **7.18** | **-20.83** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **36.61** | **43.29** | **42.80** | **-1.13** | **16.91** |
| 6 | കാരററ് | കിലോഗ്രാം | **59.42** | **64.00** | **68.23** | **6.61** | **14.83** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **22.48** | **30.16** | **29.80** | **-1.19** | **32.56** |
| 2 | വഴുതന | കിലോഗ്രാം | **33.84** | **34.23** | **36.66** | **7.10** | **8.33** |
| 3 | മത്തങ്ങ | കിലോഗ്രാം | **25.54** | **28.39** | **26.09** | **-8.10** | **2.15** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **28.21** | **25.93** | **22.64** | **-12.69** | **-19.74** |
| 5 | വെണ്ടക്ക | കിലോഗ്രാം | **42.63** | **41.93** | **33.63** | **-19.79** | **-21.11** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **60.09** | **61.01** | **45.64** | **-25.19** | **-24.05** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **56.80** | **57.82** | **45.68** | **-21.00** | **-19.58** |
| 8 | കാബേജ് | കിലോഗ്രാം | **30.51** | **28.70** | **28.77** | **0.24** | **-5.70** |
| 9 | പാവയ്ക്ക | കിലോഗ്രാം | **50.20** | **56.39** | **50.71** | **-10.07** | **1.02** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **27.11** | **24.93** | **25.66** | **2.93** | **-5.35** |
| 11 | പടവലങ്ങ | കിലോഗ്രാം | **35.23** | **36.47** | **38.20** | **4.74** | **8.43** |
| 12 | തക്കാളി | കിലോഗ്രാം | **35.99** | **24.16** | **24.50** | **1.41** | **-31.93** |
| 13 | പച്ചമുളക് | 100 ഗ്രാം | **6.02** | **6.01** | **5.61** | **-6.66** | **-6.81** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **44.93** | **42.46** | **45.82** | **7.91** | **1.98** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **31.57** | **30.99** | **31.05** | **0.19** | **-1.65** |

| നം | ഇനങ്ങൾ | അളവ് | ആഗസ്റ്റ് 2020 | ജൂലൈ 2021 | ആഗസ്റ്റ് 2021 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | **98.54** | **122.70** | **103.30** | **-15.81** | **4.83** |
| 2 | മുസമ്പി | കിലോഗ്രാം | **60.77** | **72.28** | **57.69** | **-20.19** | **-5.07** |
| 3 | മാതളം | കിലോഗ്രാം | **103.85** | **126.75** | **125.94** | **-0.64** | **21.27** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **145.32** | **143.33** | **145.91** | **1.80** | **0.41** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **53.30** | **50.42** | **52.03** | **3.19** | **-2.38** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **29.80** | **30.29** | **33.54** | **10.73** | **12.55** |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | **59.46** | **47.90** | **51.54** | **7.60** | **-13.32** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **51.33** | **46.07** | **47.40** | **2.89** | **-7.66** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **28.65** | **26.94** | **29.48** | **9.43** | **2.90** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **101.55** | **55.36** | **76.07** | **37.41** | **-25.09** |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | **18.38** | **29.47** | **32.86** | **11.50** | **78.78** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **80.71** | **95.27** | **125.69** | **31.93** | **55.73** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **69.50** | **83.10** | **96.75** | **16.43** | **39.21** |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.14** | **21.29** | **21.29** | **0.00** | **5.71** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **25.57** | **26.60** | **27.10** | **1.88** | **5.98** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **490.00** | **501.00** | **509.17** | **1.63** | **3.91** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **431.35** | **471.13** | **458.38** | **-2.71** | **6.27** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **427.26** | **464.86** | **453.14** | **-2.52** | **6.06** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **50.42** | **67.15** | **65.65** | **-2.23** | **30.21** |